(ഡി) സാങ്കേതിക യോഗ്യത പരിഗണിക്കാതെ വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരെ വേതന വ്യവസ്ഥ മാത്രം സംരക്ഷിച്ച് സ്കിൽ മേഖലയ്ക്ക് പുറത്ത് മറ്റേതെങ്കിലും തസ്തികയിലാണോ നിലനിർത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 2018 ജൂൺ മുതൽ എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം ആരംഭിക്കുവാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിലവിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങളെടുത്തിട്ടില്ല.

**സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക്ക് നിയമനം**

177 (6743) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക് തസ്തികയിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും, നിയമിച്ചവരുടെ പേരും വിദ്യാഭ്യാസയോഗ്യതയും ഏത് സ്ഥാപനത്തിൽനിന്നും ലഭിച്ച തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ എൽ.ഡി. ക്ലാർക് തസ്തിക നിയമനത്തിനുവേണ്ടി, ഇന്റർവ്യൂവിനും മുൻപ്, സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ നടത്തിയ റിപ്പോർട്ടിന്റെ പകർപ്പും ഉദ്യോഗാർത്ഥികൾ നൽകിയ തൊഴിൽ പരിചയത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ 3 പേരെ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത | തൊഴിൽപരിചയം |
|---|---|---|---|
| 1 | ശ്രീ. കൃഷ്ണൻകുട്ടി വി. | M.com, Typewriting English (Higher) | പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള രണ്ട് വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് |
| 2 | ശ്രീമതി ഷീജാറാണി ആർ. | M.com, Typewriting English (Higher) | കേരളാ യൂണിവേഴ്സിറ്റിയുടെ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീമിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് |
| 3 | ശ്രീമതി അഖില വി. ജെ. കുമാർ | B.com, Typewriting English (Higher) | കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം |

(ബി) ശ്രീ. കൃഷ്ണൻകുട്ടി വി., ശ്രീമതി ഷീജാറാണി. ആർ., ശ്രീമതി അഖില വി. ജെ. കുമാർ എന്നിവരുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ശ്രീ. കൃഷ്ണൻകുട്ടി വി., ശ്രീമതി ഷീജാറാണി. ആർ. എന്നിവരുടെ തൊഴിൽപരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ശ്രീമതി അഖില വി. ജെ. കുമാർ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തിക**

178 (6744) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയിൽ 2009 മുതൽ 2015 വരെയുള്ള കാലയളവിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്, നിയമിച്ചവരുടെ പേര്, വിദ്യാഭ്യാസയോഗ്യത, ഏത് സ്ഥാപനത്തിൽനിന്ന് ലഭിച്ച തൊഴിൽപരിചയ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത് എന്നുള്ള വിവരങ്ങൾ നൽകാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly